

# *e* ഇടങ്ങൾ

## ഡിജിറ്റൽ മാഗസിൻ


GHSS
Medical College Campus

# ആമുഖം



നവയുഗത്തോടൊപ്പം നടക്കാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസിൻ e ഇടങ്ങൾ

# From Head masters Desk



The fast moving society demands the students to be well equipped

Growth in all aspects will made them to succeed, so as we help them for overall

development ,the magazine committee trying to reflect various activities in our

school ,and a chance to express the talents of students in various fields. I

Congratulate the editorial board for their effort to publish a digital magazine

Mr. KHALID.K.K

# ആശംസ

മുരളീധരൻ Deputy HM

ഡിജിറ്റൽ യുഗത്തിലെ സർഗാത്മകതക്ക് വേദി
നൽകിയ ലിറ്റിൽ കൈറ്റ്സിന്
എല്ലാ ഭാവുകങ്ങളും നേരുന്നു



## ആശംസ

ലൈല കെ സീനിയർഅസിസ്റ്റന്റ്

വിദ്യാലയ പ്രവർത്തനങ്ങളും സർഗ സൃഷ്ടികളും കോർത്തിണക്കിയ മാഗസിന് എല്ലാ ആശംസകളും

6



ഉള്ളടക്കം

ആമുഖം........................................................................................................3

ആശംസ........................................................................................................4-6

പത്രാധിപ സമിതി..........................................................................................

മുന്നേറ്റത്തിൻ നാൾവഴികൾ..............................................................................9

സ്കൂൾ ഭരണഘടന.........................................................................................10

ഫോസിൽ ..................................................................................................11-12

കണ്ണാടി.......................................................................................................13

രണ്ടു കൂട്ടുകാർ........................................................................................14-16

ചെമ്പരത്തി.................................................................................................18

പെയ്തൊഴിയാത്ത മഴ...............................................................................19-20

സൈബർ ഇടത്തിലെ സാഹിത്യ ലോകം.........................................................21-23

സ്കൂൾ പ്രവർത്തനങ്ങൾ.............................................................................25-31

# പത്രാധിപസമിതി

പത്രാധിപർ : ആദർശ് കുമാർ 9 A

മുഹമ്മദ് ഹിശാം 9 B

അനിരുദ്ധ് 9 B

അബിൻ രാജ് 9 B

മറ്റ് അംഗങ്ങൾ

## മുന്നേറ്റത്തിന്റെ നാൾവഴികൾ

1965 ൽ കോഴിക്കോട് മെഡിക്കൽ കോളേജ് കാംപസ് ഏകാധ്യാപക വിദ്യാലയമായിട്ടാണ് പ്രവർത്തനം തുടങ്ങിയത്1969ൽ സ്കൂൾ പ്രവർത്തിക്കുന്നതിനായി മെഡിക്കൽ കോളേജിന്റെ കൈവശമുണ്ടായിരുന്ന സ്ഥലം വിട്ടു നൽകി1982ൽ ഇത് ഹൈസ്കൂളായി ഉയർത്തി 83 ൽ ആദ്യ sslc batch മികച്ച വിജയത്തോടെ പുറത്തിറങ്ങിപിന്നീട് സ്കൂൾ ഹയർ സെക്കൻഡറി ആയി ഉയർത്തപ്പെട്ടു .ബഹു കോഴിക്കോട് നോർത്ത് നിയോജക മണ്ഡലം MLA sri.pradeep kumar വിഭാവനം ചെയ്ത പ്രിസം പദ്ധതി യിലൂടെ ഈ വിദ്യാലയം സമസ്ത മേഖലകളിലും വളർച്ചയുടെ പാതയിലാണ്

# ആമുഖം

# സ്കൂൾ ഭരണഘടന

നാം G.H.S.S.M.C.C കോവൂരിലെ
വിദ്യാർത്ഥിതൾ
പൊതു വിദ്യാഭ്യാസ സംരക്ഷണത്തിൽ
"പ്രിസത്തിന്റെ വർണരാജികൾ ചൊരിഞ്ഞ്
അന്താരാഷ്ട്രീയ നിലവാരത്തിലേക്ക് ഉയരുണ
ഈ കലാലയം ഒരു സ്വതന്ത്ര, സമത്വ,
സാഹോദര്യ സ്ഥാപനമായി
ഉയർത്തിക്കൊണ്ടുവരാൻ ഞങ്ങളുടെ
സർഗ്ഗാത്മകഴിവുകളും ചിന്തളും
ഉപയോഗപ്പെട്ടുത്തുമെണും ഈ
വിദ്യാലയത്തെ ഉന്നതിയിലേക്ക് നയികുവാൻ
അക്ഷീണം പ്രവർത്തിക്കുമെന്നും ,ദൃഢനിശ്ചയം
ചെയ്തുകൊണ്ട് .
2019 നവംബർ26ന് ഞങ്ങൾ
തയ്യാറാക്കിയ ഭരണഘടന
അംഗീകാരത്തിനായി സമർപ്പിക്കുണ

# Fossil water

Fossil water is a fresh water that was created millions of years ago. It is also called paleowater; it is trapped in underground aquifers. After petroleum it is the most precious non-renewable fossil resource.




Sunu V.R

The term fossil water or paleowater refers to underground water reservoirs that have been geologically sealed .The water contained in them cannot be replenished and may have locked in for thousands of years . The age of the water is what gives in the name ‘fossil fuel’.

water extracted from the large aquifers can be used for several purposes including consumption,agricultural and also in industrial. Fossil aquifers are the single most important source of water for people living in the arid and the semi arid regions.

For many countries located in water scare regions it is the only available source of fresh water. For example Libya is habitable because of ancient aquifers discovered under the Sahara desert during the 1950's when prospecting for oil.

Some times fossil water is unsafe for drinking, because over time, the sand- stone underline such aquifers naturally leaches radioactive contaminants into the water.





# കണ്ണാടി

രഞ്ജന എൻ

സർക്കാരാസ്പത്രിയുടെ വരാന്തയിൽ  നിന്നും-

കളഞ്ഞുകിട്ടിയതാണ് ഈ കണ്ണാടി

വക്കടർന്ന കണ്ണാടിയിൽ

ബാല്യം ബാഷ്പകണഅങ്ങളായത്തങ്ങി

ഒളി മങ്ങിയപ്രതലത്തിൽ പ്രതലത്തിൽ

- പ്രതിബിംബിക്കതെ പോയ കൗമാരസ്വപ്നങ്ങള്

തേച്ചുമിനുക്കും തോറും തെളിയുണ

കറയായ് യൗവ്വനംഅരികത്തു നിഴലികുണ

ഭയയോടുള വാർദ്ധക്യമുഖം

ഇത് കൊണ്ടു നടകാൻ വയ്യ

തിരികെ കളയാനും

# രണ്ടു കൂട്ടുകാർ



അരുണ ആലഞ്ചേരി

രണ്ടു കൂട്ടുകാർ
ഒടുക്കത്തെ ദിവസം
ചെലവിട്ടത്,
മെരുക്കമുള്ള നായയെപ്പോലെ
മെല്ലെ വാലാട്ടുന്ന ആ
തടാകക്കരയിലാണ്.
അതിന്റെ തണുത്ത മൂക്കിൽ
കാലുമുട്ടിച്ച്,
ഉടലുരുമ്മി,
അങ്ങനെയിരുന്നപ്പോൾ
കയ്യിലിരുന്ന കിഴങ്ങുകൾ
തനിയേ വെന്തു!
പങ്കു വെച്ചു.
കണ്ണിലെ തിളക്കങ്ങൾ
വിണ്ണിലോട്ടു കടം കൊടുത്തു.
രാത്രി മുല ചുരന്നു.

തന്നത്താനെന്ന വണ്ണം
തുറവിയോടെ അവർ,
തമ്മിൽ മിണ്ടിയിരുന്നു.
അങ്ങനെയിരുന്നപ്പോൾ
ഇങ്ങിനെയിരുന്നാൽ
എന്തോ കുറവുണ്ടെന്ന് കണ്ടു!
ആദിപാപം തൊട്ട് ,
സകല വഞ്ചനയുടെയും
കഥ അവരോർത്തു.
കൊന്നും വെന്നും
അതിരു വരച്ചുമാണ്
ചരിത്രം ഉണ്ടാകുന്നതെന്ന്
തമ്മിൽ പറഞ്ഞു.
ഒറ്റു കൊട്ടുത്തും
ചോരയിൽ തഴച്ചും വളരാത്ത, തങ്ങളുടെ കഥയില്ലായ്മയിൽ
അവർ നിസാരരായി.

സ്നേഹത്തിന്റെ നോവും നിറവും
ചരിത്രത്തിന്റെ ആകാശത്ത്
അപ്പൂപ്പൻ താടി പോലെ
പറന്നു പോവുമെന്നവർ
അരിശപ്പെട്ടു.
കഥയിങ്ങനെ മതി, തുടരട്ടേയെന്ന്
അത്ര മേൽ നനുത്തിരുന്ന
ആകാശവും തടാകവും കരഞ്ഞു.ആരു കേൾക്കാൻ?
കൂടെയിരുന്നവൻ
വഴുക്കുന്നൊരു മീനായി
വെള്ളത്തിലേക്ക് കുതറി.
ഒറ്റയ്ക്കായവൻ
പകച്ചു പോയി,
മീനുകളുടെ ഭാഷ
അറിഞ്ഞു കൂടാത്തതിനാൽ
ഉടൽ നുറുക്കി വെള്ളത്തിലിട്ടു
കൊണ്ടേയിരുന്നു..
അവൻ തിരികെ വന്നു കൊത്തുമെന്ന്
ഉള്ള് പിടഞ്ഞ് കൊണ്ട് .

അരുണ ആലഞ്ചേരി



SHAHINA.M

## ألا تبكيان

يا ابنتي سهلى محبوبة عندي
أصرتِ مسرورة أم محزونة حاليا
أطلقت من غرور دنيا الفنا
أتطيربحناحك في السما العلى
تبسما عند خلق العالم العلى
تطير بين ملائكة الله السما
أفيض عليك دموع عيني كلها
ندما بأم الحنون تربيا
وبُشرى بمنزلك الحليم

## تنفسات القلب

أراك في أفق السماء تلألؤا
ببهجة نور ووجه مبسَّمة
لو عدَّيت عدد النجوم السما
نبّئني يا بنتي محبتي
ترفرف بجناحيك راضية هنا
بقصة ملائكة السماء العلى
أجئت إلى أمك الحنونة المرضعة
كنسيما تمسح الدموع وجهها
تطيب بك ريحا وريحانا
شفاء لحاملة المحلمة بك
الأمر كل ينفذ من يد الإله

# ചെമ്പകമാം ചെമ്പരത്തി



ചെമ്പകത്തിൻ നിറം നിൻ ചുണ്ടുകൾ
ആ ചുണ്ടുകളാൽ നീ പുഞ്ചിരിക്കേ
പുഞ്ചിരിയി ൽ വീണു പോയ ഞാൻ
ഏറ്റെണീക്കയാൽ പ്രയാസമാം
ചെമ്പകമാം ചെമ്പരുത്തിയേ
നിൻ പുഞ്ചിരിയത്രയും മനോഹരം

ഫാത്തിമ ഫിദ
8J

# പെയ്തൊഴിയാത്ത മഴ

അഞ്ജന ദാസ്
9 J

കോരിച്ചൊരിയുന്ന മഴ തകർത്തു പെയ്യുകയാണ് ആയിരുന്നു ആദ്യഘട്ടത്തിൽ അതിന് ശക്തി ഉണ്ടായിരുന്നില്ല. അപ്പോഴാണ് അകത്തു നിന്നും നിയ ഉമ്മറ കൊലാ യിലേക്ക് വന്നത്. അവൾക്ക് മഴ വളരെ ഇഷ്ടമായിരുന്നു. പുറത്തേക് പുറത്തേക്ക് തന്റെ കൈത്തലം നീട്ടി കൈകുമ്പിളിൽ ഇറ്റുവീഴുന്ന മഴത്തുള്ളികൾക്ക് എന്തൊരു തണുപ്പ്. മുതിർന്നെങ്കിലും അവൾക്ക് മഴയോടുള്ള ഇഷ്ടം കുറഞ്ഞത് ഇല്ല.

കുട്ടിക്കാലത്തും അവൾക്ക് മഴയെ വളരെ ഇഷ്ടമായിരുന്നു. ഇപ്പോഴും അവൾക്ക് മഴ ഒരു ആസ്വാദക പ്രകൃതി പ്രതിഭാസമാണ്.

പക്ഷേ സർവവും
തകർത്തുകൊണ്ട് ആ തളച്ചു പെയ്യുന്ന മഴയെ അവൾക്ക് ഭയമായിരുന്നു. മാനത്തു നിന്നും മുത്തുമണികൾ പൊഴിയും പോലെ മഴത്തുള്ളികൾ അവളുടെ കൈകുമ്പിളിൽ ഏക്ക് വീണുകൊണ്ടിരുന്നു.

പതിയെ പതിയെ മഴയുടെ ശക്തി വർദ്ധിച്ചുകൊണ്ടിരുന്നു. നേരം ഇരുട്ടി തുടങ്ങിയെങ്കിലും മഴയുടെ ശക്തി കുറഞ്ഞില്ല ഒപ്പം ശക്തിയായി കാറ്റും വീശി തുടങ്ങി അവളുടെ വീടിന്റെ ജനവാതിലുകൾ കരഞ്ഞ് അടഞ്ഞു നിയ യുടെ അച്ഛന് തെല്ല ഭയം തോന്നി. നിമിഷങ്ങൾ കൊണ്ടുതന്നെ ഇന്ത്യയുടെ വീട്ടിലും വെള്ളം കയറി തുടങ്ങി ആദ്യം ആ വീട് വിട്ടു പോകാൻ ആർക്കും മനസ്സ് വന്നില്ലെങ്കിലും അപകടം സ്ഥിതി മനസ്സിലാക്കിയ അയാൾ തന്റെ ഭാര്യയും, മകളെയും കൂട്ടി പുറത്തിറങ്ങി. നേരെ ദുരിതാശ്വാസ ക്യാമ്പിലേക്ക്.

അവിടെ അവർ കാണുന്നു പലതരം മനുഷ്യർ, വിവിധ മതത്തിൽപ്പെട്ടവർ, പലതരം പ്രശ്നങ്ങൾ ഉള്ളവർ, പല സ്വഭാവക്കാർ അവരുടെ എല്ലാം മുന്നിൽ തന്റെ സമ്പന്നത ഒന്നുമല്ലെന്ന് അയാൾ തിരിച്ചറിയുന്നു. ക്യാമ്പിലെ ജീവിതവുമായി ഒത്തുപോകാൻ അല്പം പ്രയാസം തോന്നിയെങ്കിലും പതിയെ പതിയെ അവർ ആ സാഹചര്യവുമായി ഇണങ്ങിച്ചേർന്നു.

അങ്ങനെ ദിവസങ്ങൾ കടന്നു പോകവേ മഴയുടെ ശക്തി കുറഞ്ഞു. പലയിടങ്ങളിലും വെള്ളം വറ്റി തുടങ്ങി വെള്ളപ്പൊക്കത്തിന് ഭീകരത അവസാനിച്ചു കൊണ്ടിരിന്നു എല്ലാവർക്കും അവരവരുടെ വീടുകളിലേക്ക് പോകാൻ സമയമായി പക്ഷേ ആർക്കും ആരെയും വിട്ടുപോകാൻ സാധിക്കുന്നില്ല അത്രമേൽ ആത്മബന്ധം പരസ്പരം എല്ലാവരിലും ഉണ്ടായിരുന്നു. അവർ തങ്ങളുടെ സ്വന്തം വീട്ടിലേക്ക് പ്രവേശിച്ചു. അച്ഛനും അമ്മയും അതിരാവിലെ തന്റെ തായ് ജോലികളിൽ പ്രവേശിക്കും അവരുടെ തിരക്ക് അവളെ വല്ലാതെ ഒറ്റപ്പെടുത്തി ക്യാമ്പിൽ ഉണ്ടായിരുന്ന ജീവിതത്തെക്കുറിച്ച് അവൾ ആലോചിച്ചു

മനുഷ്യർ ഭൂമിയോട് ചെയ്യുന്ന ക്രൂരതയുടെ ഫലമാണ് പ്രകൃതി നമുക്ക് തിരിച്ചു നൽകുന്നത്. മനുഷ്യർ ദിവസംതോറും പ്രകൃതിയെ കീറി മുറിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ന് സംഭവിച്ചത് മനുഷ്യർ നാളെ മറക്കുന്നു. ഈ ലോകത്തിലെ ഓരോ കുടുംബത്തിലും ഇതേ അവസ്ഥകൾ സംഭവിച്ചു കൊണ്ടിരിക്കും. തുടർ വർഷങ്ങളിലും അതേ കോരിച്ചോരിയുന്ന മഴ

## അഞ്ജന ദാസ്. K
## 9J

# സൈബർ ഇടത്തിലെ സാഹിത്യലോകം

സൈബർസ്പേസ് എന്ന പദം ആദ്യമായി ഉപയോഗിച്ചത് വില്യം ഗിബ്സൺ (William Gibson, 1948-) എന്ന കനേഡിയൻ ശാസ്ത്രകഥാകാരനും, നോവലിസ്റ്റുമാണ്. അദ്ദേഹത്തിന്റെ *ബേണിംഗ് ക്രോം (Burning Chrome, 1982)* എന്ന നോവലെറ്റിലാണ് ഈ പദപ്രയോഗമുള്ളത്. പരസ്പരം കണ്ണിചേർക്കപ്പെട്ട കമ്പ്യൂട്ടർ ശൃംഖലകൾ സൃഷ്ടിച്ച് നിലനിർത്തുന്ന അയഥാർത്ഥവും, സമാന്തരവുമായ ആഗോള സ്ഥലമായി സൈബർ സ്പേസിനെ നിർവ്വചിക്കാം. സൈബർനെറ്റിക്സ്, സ്പേസ് എന്നിവയെ കൂട്ടിയിണക്കി *ന്യൂറോമാൻസർ (Neuromancer)* എന്ന നോവലിലൂടെ ഗിബ്സൺ ഇത് വിവരിക്കുന്നു. സൈബർ സപേസിൽ വിഹരിക്കുന്ന, കണ്ടുമുട്ടുന്നവരുടെ ഭൗതിക വിവരങ്ങൾ, സ്ഥാനം എന്നിവ കൃത്യമാകണമെന്നില്ല. ദേശാതിർത്തിക്കുള്ളിൽ ഒതുങ്ങി നിൽക്കുന്നുമില്ല ഈ ലോകം. മനുഷ്യൻ സൃഷ്ടിക്കുകയും, നവീകരിക്കുകയും ചെയ്യുന്ന ആശയവിനിമയസാധ്യതയാണ് സൈബർ സ്പേയ്സിനുള്ളത്. കമ്പ്യൂട്ടറിനാൽ പ്രതീതമാകുന്ന ഈ അവസ്ഥയെ പ്രതീതി യാഥാർത്ഥ്യം (virtual reality) എന്ന് ഡാമിയൻ ബ്രോഡെറിക് (Damien Broderick, 1944-) '*ദ ജൂഡാസ് മണ്ഡല (The Judas Mandala)* എന്ന നോവലിൽ വിശദീകരിക്കുന്നു. കമ്പ്യൂട്ടർ സ്ക്രീനിലോ, ത്രീഡി സ്ക്രീനിലോ തെളിയുന്ന ദൃശ്യാവസ്ഥയെ സൂചിപ്പിക്കാനും ഈ പദം ഉപയോഗിച്ചിരുന്നു. സൈബർ സ്പേസിൽ രൂപം കൊള്ളുന്ന പുതിയ യാഥാർത്ഥ്യത്തെയും അത് സൃഷ്ടിച്ചെടുക്കുന്ന, സാങ്കേതിക പരസ്പരാശ്രിത (Jaron Lanier) രൂപകൽപന ചെയ്ത പ്രയോഗമാണ് 'പ്രതീതിയാഥാർത്ഥ്യം(Vertual Reality).

കമ്പ്യൂട്ടറുകൾ സൃഷ്ടിക്കുന്ന പുതിയ വിനിമയലോകവും, ജീവിതപരിസരങ്ങളും സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ലോകമെങ്ങും സാങ്കേതികതയുടെ അതിവേഗത്തിലുള്ള വ്യാപനം സൈബർ സംബന്ധിയായ രചനകളിലേക്കും വഴി തെളിച്ചിട്ടുണ്ട്. സർഗ്ഗാത്മകതയും, സാങ്കേതികതയും കൂടിക്കലരുന്ന രചനകൾ വിവിധഭാഷകളിൽ രചിക്കപ്പെട്ടിട്ടുണ്ട്. സൈബർ ലിറ്ററേച്ചർ (Cyber literature)എന്ന പുതുശാഖ തന്നെ ലോകസാഹിത്യത്തിൽ രൂപം കൊണ്ടിരിക്കുന്നു. ഇന്റർനെറ്റിൽ വെബ്മാഗസിനുകളിലും, പ്രത്യേക സൈറ്റുകളിലും, ബ്ലോഗിലും രചിക്കപ്പെടുന്ന സാഹിത്യത്തെ പൊതുവിൽ (Cyber literature) സൈബർ ലിറ്ററേച്ചർ എന്നു പറയാം. ലിറ്ററേച്ചർ ഇൻ സൈബർ സ്പേസ് (literature in cyber space)എന്ന പഠനത്തിൽ Piret Vires നൽകുന്ന നിർവ്വചനം ഇപ്രകാരമാണ്. "The most comprehensive definiton of cyber literature derives from the concept of digital literature ie, literature created on the computer and presented by means of the computer. Trying to narrow the concept of cyber literature-specific qualities multi-lenearity different parts of hyper texts connected by links, uniting the writen text with multimedia interactivity etc."

ഫ്രാൻസിലെ ഡിജിറ്റൽ ലിറ്ററേച്ചറിനെകുറിച്ച് Bouchardon പറയുന്നു. സൈബർ സ്പേസിലെ എഴുത്തുകളും സാങ്കേതികതയുമായി ബന്ധപ്പെട്ട മറ്റ്

എഴുത്തുകളും കൂടി ചേർത്ത് ഡിജിറ്റൽ ലിറ്ററേച്ചർ, ഇലക്ട്രോണിക് ലിറ്ററേച്ചർ, സൈബർ ലിറ്ററേച്ചർ എന്നിങ്ങനെ വ്യത്യസ്തമായാണ് നിർവ്വചിക്കാറുള്ളത്. സാങ്കേതികനാമങ്ങൾ വേറെയാണെങ്കിലും ആശയതലത്തിൽ ഇവ ഏക ധർമ്മമാണ് പുലർത്തുന്നത്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മലയാളഭാഷയേയും, സാഹിത്യത്തെയും കുറിച്ച് പ്രവചനാത്മകമായ പ്രസ്താവന നടത്തിയത പ്രശസ്ത നിരൂപകൻ കെ.പി അപ്പനാണ്. 1991-ലെ മലയാളമനോരമ വാർഷികപ്പതിപ്പിൽ ''യന്ത്രസരസ്വതി നമ്മെ സംഭ്രമിപ്പിക്കുമോ?'' എന്ന ചോദ്യമുയർത്തി പ്രസക്തമായ നിരീക്ഷണങ്ങൾ അദ്ദേഹം നടത്തുന്നുണ്ട്. ''പുതിയൊരു സാഹിത്യഭാവനയേയും സെൻസിബിലിറ്റിയേയും പ്രതീക്ഷിക്കാൻ കാലമായി നമ്മുടെ സൗന്ദര്യബോധം ഒരു പരിവർത്തനദിശയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. മറഞ്ഞിരിക്കുന്ന ആഴങ്ങളിൽ ഒരു വിഷമഘട്ടത്തെ മലയാളസാഹിത്യഭാവന തരണം ചെയ്യുകയായിരുന്നു. താമസിയാതെ നമ്മുടെ ഭാഷയുടെ സ്വഭാവം കീഴ്മേൽ മറിയും. ഇന്നത്തെ സംവേദനത്തിന്റെ പ്രവാഹ പാതയെ പുതിയ സാഹിത്യഭാവന ഉഴുതു മറിക്കും.'' ''യന്ത്ര സരസ്വതിയുടെ അനുഗ്രഹം അറിയാതെതന്നെ മലയാളഭാവന സ്വീകരിച്ചു തുടങ്ങിയിരിക്കുന്നു. അതിന്റെ ദൃഢവാദ്യമുഴക്കങ്ങൾ പരക്കെ കേൾക്കാൻ തുടങ്ങിയിട്ടില്ല. എന്നാൽ യന്ത്രപൂജയുടെ താപവും വെളിച്ചവും മലയാളഭാവന പ്രകടിപ്പിച്ചു തുടങ്ങിയിരിക്കുന്നു.''മനുഷ്യഭാവന യന്ത്രവത്കരിക്കപ്പെടില്ലെന്നും, യുക്തി യന്ത്രവത്ക്കരിക്കപ്പെടാമെന്നും, യന്ത്രം മനുഷ്യനു കീഴിൽ തന്നെയായിരിക്കുമെന്നും അപ്പൻ കരുതുന്നു. ''യന്ത്രയുഗവും, കമ്പ്യൂട്ടറിന്റെ സാങ്കേതികത്വവും നമ്മുടെ ഇന്ദ്രിയാനുഭവങ്ങളെ മാറ്റിമറിച്ചിട്ടുണ്ട്. ഇത് സൗന്ദര്യമൂല്യങ്ങളുടെ തലങ്ങളിൽ വ്യതിയാനങ്ങൾ സൃഷ്ടിക്കുന്നു. വിവരണകലയുടെ വ്യാപ്തിയും ഹൃദയരൂപീകരണക്ഷമതയും വർദ്ധിപ്പിക്കുന്നു. ചുരുക്കത്തിൽ യന്ത്രം ഭാവനാപരമായ ഊർജ്ജത്തിന്റെ എല്ലാ കാലത്തെയും പൈതൃകമായി മാറിക്കൊണ്ടിരിക്കുന്നു.'' നവസാങ്കേതിക വിവരവിനിമയരംഗത്തു സൃഷ്ടിച്ച മാറ്റങ്ങളും സാമൂഹ്യ അന്തരീക്ഷത്തിൽ വരുത്തിയ വിപ്ലവവും വ്യക്തികളുടെ അനുഭവലോകത്തെ സ്വാധീനിച്ചു കഴിഞ്ഞിരിക്കുന്നു. മാറി നിൽക്കാൻ കഴിയാത്തവിധം ഇഴുകിക്കഴിഞ്ഞ സാങ്കേതികകാലത്ത് പുതു പദാവലികളും, സംജ്ഞകളും, നിത്യവ്യവഹാരരൂപങ്ങളായി മാറുന്നു. തൊഴിൽമേഖലയിൽ മാത്രമായി ഒതുങ്ങാത്ത സൈബർ സ്വാധീനം ജീവിതത്തിലേക്ക് പടർന്നു കയറുമ്പോൾ സാഹിത്യത്തിലും കഥകളിലും അവ നിറയുമെന്നാണ് കെ.പി അപ്പൻ നമ്മെ ബോധ്യപ്പെടുത്തുന്നത്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ മലയാളത്തെപ്പറ്റി ഇ.എം ശ്രീധരനും, പി.വി ഉണ്ണികൃഷ്ണനും ചേർന്നെഴുതിയ ലേഖനത്തിൽ ഭാഷയുടെ സാങ്കേതികതയും എഴുത്തും വരും നൂറ്റാണ്ടിൽ രൂപപ്പെടുന്നതിനെപ്പറ്റി വിവരിക്കുന്നു.

''ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ മലയാള ഭാഷ യന്ത്ര എഴുത്തിലേക്ക് മാറും. മഷി ഒഴിയാത്ത പേനയ്ക്കു പകരം ഷട്ട്ഡൗൺ ചെയ്യാത്ത കമ്പ്യൂട്ടറുകളാകാം നമ്മുടെ സാഹിത്യനായകന്മാരുടെ എഴുത്തുപകരണം. എഴുത്തുകാരന്റെ ശബ്ദവീചികളെ യന്ത്രം അക്ഷരങ്ങളായി മാറ്റുന്ന പ്രക്രിയയും ആരംഭിക്കും.'' സാങ്കേതികതയുടെ

അനുകരണങ്ങളായോ, പ്രേരകങ്ങളായോ മലയാളത്തിലും ചില കഥകൾ പ്രത്യക്ഷപ്പെടുന്നുണ്ട്. സാങ്കേതിക ശബ്ദാവലികൾ പരിചയമില്ലാത്ത വായനക്കാർക്ക് സൈബർ കഥകളും, കവിതയും അപ്രാപ്യമാണ്. ഒരു പക്ഷേ കമ്പ്യൂട്ടറുകളും, സൈബർ സാങ്കേതിക വിദ്യകളും സാർവ്വത്രികമായി പ്രചരിക്കുന്നതോടു കൂടി മലയാളത്തിലെ സൈബർ/ബ്ലോഗുകഥകളെയും വായനക്കാർ സ്വീകരിക്കും.

കമ്പ്യൂട്ടർ പ്രതലത്തിൽ മാത്രം കാണുന്ന അച്ചടിപ്പതിപ്പുകൾ ഇല്ലാത്ത മാസികയാണ് വെബ് മാഗസിൻ. വായിക്കുന്നതിന മാഗസിൻ താളുകൾ മറിക്കുന്നതുപോലെ സംവിധാനമുള്ളതിനാൽ വായന സുഗമമായി നടക്കും. വെബ് മാഗസിൻ, ഇന്റർനെറ്റ് മാഗസിൻ, ഓൺലൈൻ മാഗസിൻ എന്നീ പേരുകളിൽ അറിയപ്പെടുന്ന ഈ വായനാസംവിധാനം ഒട്ടേറെ സൗകര്യങ്ങൾ നൽകുന്നുണ്ട്. നിങ്ങൾക്കിഷ്ടപ്പെട്ട ഭാഗത്തിന്റെ പ്രിന്റ് എടുക്കാൻ ചില മാഗസിനുകൾ സൗകര്യം നൽകുന്നുണ്ട്. സാധാരണ മാഗസിൻ പോലെ കഥ, ലേഖനം, കവിത, പാചകം, ആരോഗ്യം, യാത്ര എന്നിങ്ങനെ പല വിഷയങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിൽ ചിലതിനു മാത്രം പ്രാധാന്യം നൽകിയും മാസിക ഇറക്കുന്നുണ്ട്. ആകർഷകമായ ലേ-ഔട്ടുകൾ, കവറുകൾ, ഫോണ്ട് വിന്യാസം എന്നിവ കൊണ്ട് അച്ചടിമാസികയെക്കാൾ സാങ്കേതികമേൻമ പുലർത്തുന്നതാണ് വെബ്മാഗസിനുകൾ. *ചിന്ത(chintha. com) മൂന്നാമിടം (moonamidam. com), നാലാമിടം(nalamidam. com), ജയകേരളം(jayakeralam), നൊസ്റ്റാൾജിയ(nostalgia. com), ശ്രദ്ധ(sradha. com), ഹരിതകം(harithakam. com) പുഴ(puzha. com), നാട്ടുപച്ച, (nattupacha. com), കണിക്കൊന്ന(kanikkonna. com), ഇന്ദുലേഖ(indulekha. com), ചിരിച്ചെപ്പ്(chiricheppu.com)* തുടങ്ങിയ ഒട്ടനവധി പ്രസിദ്ധീകരണങ്ങൾ വെബ്‌ലോകത്തുണ്ട്. 1998 ൽ ആരംഭിച്ച *പുഴ.കോം* ആണ് ആദ്യത്തെ സംരംഭമായി കണക്കാക്കുന്നത്.

**ഇ-ജേർണലുകൾ/ഇ-എഡിഷനുകൾ**

പത്രങ്ങളുടെയും, ആനുകാലികങ്ങളുടെയും ഇ-എഡിഷനുകൾ സൈബർ ഇടത്തിലെ വായനക്കാർക്കായി നൽകുന്ന സൗകര്യമാണ്. നെറ്റിന്റെ സാധ്യത കണ്ടറിഞ്ഞ ആദ്യമലയാളപത്രം *ദീപിക*യായിരുന്നു. 1997-ൽ ആരംഭിച്ച *ദീപിക.കോം(deepika.com)* എന്ന വെബ്സൈറ്റിലൂടെ ഇത് ലോകമെങ്ങുമുള്ള മലയാളികളിലേക്ക് എത്തിച്ചേർന്നു. *മലയാള മനോരമ, കേരളകൗമുദി, മാതൃഭൂമി, ദേശാഭിമാനി, മാധ്യമം, ചന്ദ്രിക, വീക്ഷണം* തുടങ്ങിയ പത്രങ്ങൾക്കെല്ലാം ഇന്ന് ഇ-എഡിഷൻ ഉണ്ട്. മലയാള ആനുകാലികങ്ങൾ മിക്കതും ഇന്ന് ഇന്റർനെറ്റിലൂടെ ലഭ്യമാണ്. *സമകാലിക മലയാളം (malayalamvaarika.com), മാധ്യമം (madhyamam.com/weekly/), മാതൃഭൂമി ആഴ്ചപ്പതിപ്പ് (digital.mathrubhumi.com), ഭാഷാപോഷിണി (ebhashaposhini.manoramaonline.com), ദേശാഭിമാനി വാരിക (deshabhimani. com),* തുടങ്ങി ഒട്ടേറെ ആനുകാലികങ്ങൾ ഇന്ന് ഇന്റർനെറ്റിലൂടെ വായിക്കാം..

**വെബ് പോർട്ടലുകൾ**

''വിശാലമായ കവാടം എന്നാണ് പോർട്ടൽ എന്ന പദത്തിന്റെ അർത്ഥം. ഏതു കാര്യവുമായി ബന്ധപ്പെട്ട ഏതു സംഗതികൾക്കും സൗകര്യം നൽകുന്ന സൈറ്റിനെയാണ് പോർട്ടലുകൾ എന്ന് പറയുന്നത്. വാർത്തയും, പാചകവും,

ലോകം സാഹിത്യത്തിലേക്ക് കടന്നുവരുന്നതിനെക്കുറിച്ച് വിശദമായി ലേഖനത്തിൽ പ്രസ്താവിക്കുന്നുണ്ട്.

പടിഞ്ഞാറൻ നാടുകളിൽ സൈബർസാഹിത്യം പിറവിയെടുത്തു കഴിഞ്ഞു ശാസ്ത്രനോവലിന്റെ ഭാഗമായി മനസ്സിലാക്കപ്പെടുന്ന ഈ ശാഖ അന്വേഷിക്കുന്നത് 1980കൾക്കുശേഷം കമ്പ്യൂട്ടർ (സൈബർ) മുതലായ യന്ത്രങ്ങൾ സൃഷ്ടിക്കുന്ന ലോകത്ത് മനുഷ്യാവസ്ഥയ്ക്ക് എന്തു സംഭവിക്കുന്നു എന്നാണ്. കമ്പ്യൂട്ടർലോകത്തെയും കമ്പ്യൂട്ടർസംസ്ക്കാരത്തെയും പറ്റിയുള്ള രചനകൾക്കാണ് ''സൈബർ സാഹിത്യം എന്ന പേരുപയോഗിക്കുന്നത്.'' കമ്പ്യൂട്ടറിൽ കാണുന്ന സാഹിത്യത്തെ ഇ-സാഹിത്യം എന്നും കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട മനുഷ്യാവസ്ഥയെ പ്രമേയമാക്കുന്ന സാഹിത്യത്തെ 'സൈബർ സാഹിത്യം' എന്നും വക തിരിക്കാം. ഇപ്രകാരം ഇ-സാഹിത്യത്തെയും, സൈബർ സാഹിത്യത്തെയും എം.എൻ കാരശ്ശേരി വേർതിരിക്കുകയും, നിർവ്വചിക്കുകയും ചെയ്യുന്നു. ഇലക്ട്രോണിക് മീഡിയകളിൽ പ്രത്യക്ഷപ്പെടുന്ന വിവിധങ്ങളായ മലയാള സാഹിത്യപ്രസിദ്ധീകരണങ്ങളെക്കുറിച്ചും, അതിന്റെ സാങ്കേതികതയെക്കുറിച്ചും എം.എൻ കാരശ്ശേരി വിവരിക്കുന്നുണ്ട്. കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട മറ്റു പ്രസ്ഥാനങ്ങളായ സാങ്കേതിക സംസ്ക്കാര പഠനങ്ങൾ (Techno Cultural Studies) സൈബർ ഫെമിനിസം(cyber feminism) എന്നിവയും പരാമർശിക്കുന്നുണ്ട്.

''യന്ത്രവും മനുഷ്യചേതനയും അഭിമുഖമായി നിൽക്കുന്ന പുതിയ ഇലക്ട്രോണിക് സാങ്കേതികവിദ്യ ഉയർത്തുന്ന വിനിമയാന്തരീക്ഷം ഇപ്പോൾ സാഹിത്യഭാവനയുടെ ഉറവിടങ്ങളിലൊന്നാണ്. നോവലിലും, ചെറുകഥയിലും അത് പുതിയ ഭാവനാകാശങ്ങൾ നിർമ്മിക്കുന്നു. ഉത്തരാധുനിക ജീവിതാവസ്ഥയുടെ ഭാഗമായ വിവരസാങ്കേതികവിദ്യയുടെ പശ്ചാത്തലത്തിൽ രൂപപ്പെടുന്ന പുതിയ എഴുത്തിനെ സൈബർ കഥയെന്നു വിശേഷിപ്പിക്കാം.'' എന്ന് സൈബർ സാഹിത്യത്തെക്കുറിച്ച് മലയാളത്തിൽ പഠനങ്ങൾ നടത്തിയ പി.കെ രാജശേഖരൻ സൈബർകഥയ്ക്ക് നിർവചനം നൽകുന്നു. ''കമ്പ്യൂട്ടറിൽ എഴുതുകയും നിലനിൽക്കുകയും ചെയ്യുന്നതു മാത്രമല്ല സൈബർ സാഹിത്യം. വെർച്വൽ റിയാലിറ്റിയുടെയും, സൈബർ സംസ്ക്കാരത്തിന്റെയും കടന്നു കയറ്റം ജീവിതത്തിൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളും, അതുമായി ബന്ധപ്പെട്ട അനുഭവങ്ങളും ചിത്രീകരിക്കുന്ന സാഹിത്യമാണ് സൈബർ സാഹിത്യം.''സൈബർ സാഹിത്യത്തെക്കുറിച്ച് വിശിഷ്യാ സൈബർ കഥകളെക്കുറിച്ച് വിശദമായ നിരൂപണങ്ങൾ തയ്യാറാക്കിയ ജി. മധുസൂദനൻ സൈബർ സാഹിത്യത്തെ വിലയിരുത്തുന്നത് ഇങ്ങനെയാണ്. മലയാള സാഹിത്യത്തെ പ്രമേയങ്ങളെയും, വിഷയങ്ങളേയും അടിസ്ഥാനമാക്കി വിജ്ഞാനം, വിനോദം, വിമർശനം, വൈകാരികം, വിഭ്രമം, വിശകലനം, സൈബർ എന്നിങ്ങനെ വിഭജനം നടത്തിയിട്ടുണ്ടെന്നു നേരത്തേ സൂചിപ്പിച്ചിട്ടുണ്ട്. ഇന്റർനെറ്റും, മൊബൈൽ ഫോണുകളും സാർവ്വത്രികമായി പ്രചരിക്കുന്ന ഇക്കാലത്ത് അവയുടെ ഉപോൽപ്പന്നങ്ങളായി സൈബർസാഹിത്യവും രൂപപ്പെട്ടു വരുന്നുണ്ട്. കാലത്തിനനുസരിച്ച മാറ്റവും, വളർച്ചയും, പുരോഗതിയും കൈകൊള്ളാതിരിക്കാൻ ആർക്കും സാധ്യമല്ല. പുരോഗതി പ്രാപിച്ചു കൊണ്ടിരിക്കുന്ന സൈബർ ലോകം സാഹിത്യ ത്തിലും പ്രതിഫലിച്ചു തുടങ്ങിയിരിക്കുന്നു.

പാശ്ചാത്യ ഭാഷകളിൽ ഉണ്ടാകുന്ന സൈബർ കഥകളുടെ

# यादों में

മുരളീധരൻ.എം

तडके उठकर रसोई धोयी।

भूख को दबाकर किसी सपने के जडों में,

कभी न जागते

सो जाए।

दिवा के दुःसपनों में मग्न

न लिखी पंक्तियों में,

बदल गयी

यादों की खान लेकर पश्चिम की हवा आयी।

बादलों की छाती में

खोये प्रणय

वाणी के बीच खोयी कविता।

मुरलीधरन पी

एम.सी.सी जी एच

एस एस



Thnx

# STUDENTS POLICE CADETS










# കൂടെ...















# Junior Red Cross







# Customs Cadets Corps









# GUIDES

# Arabic Club






# ENVIRONMENT Club









# Drama Camp


ജി.എച്ച്.എസ്.എസ്
മെഡിക്കൽ കോളേജ് കാമ്പസ്
സ്കൂൾ നാടക വേദിയുടെ
ആഭിമുഖ്യത്തിൽ
നാടക ക്യാമ്പ്




ഗവ: ഹയർസെക്കണ്ടറി സ്കൂൾ
മെഡിക്കൽ കോളേജ് കാമ്പസ്
അകം
കുട്ടികളുടെ നാടക വേദി
മഴയരങ്ങ്
നാടക കളരി
ഉദ്ഘാടനം: ശ്രീ. വിജയൻ കാരന്തൂർ
2019 ജൂലൈ 6,7

# Reading Fest








# Yoga Day









# പുസ്തകോത്സവം












# സ്കൂൾഭരണഘടന




സ്കൂൾ ഭരണഘടന
GHSS MCC
SCHOOL CONSTITUTION TEAM




സ്കൂൾ ഭരണഘടന
G.H.S.S M.C.C




വിദ്യാർത്ഥികളുടെ കടമകൾ

# School constitution








# Junior Red Cross



# GUIDES





# Environment day





# REPUBLIC DAY









# Kalolsavam








# THANK YOU

- “The Key To Success Is to Start Before You Are Ready”

